**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.318** **24.06.2013 ൽ മറുപടിയ്ക്ക്**

**ഹരിതയൌവ്വനം പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ഷാഫി പറമ്പിൽ | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) യുവജനക്ഷേമ ബോർഡ് ഭക്ഷ്യസുരക്ഷയിൽ യുവാക്കളെ പങ്കാളികളാക്കി ഹരിതയൌവ്വനം പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും യുവാക്കളെ കാർഷികവൃത്തിയിലേയ്ക്ക് ആകർഷിക്കുന്നതിനും വേണ്ടി 'യുവഹരിതം' എന്ന പദ്ധതി നടപ്പിലാക്കാൻ സംസ്ഥാന യുവജനക്ഷേമ ബോർഡ് ഉദ്ദേശിക്കുന്നു. ഇതു സംബന്ധിച്ച് ചർച്ചകൾ നടന്നു വരുന്നു. |
| (ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ; | (ബി) ജൈവകൃഷിയിലൂടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക. യുവജനങ്ങളെ കാർഷികവൃത്തിയിലേയ്ക്ക് ആകർഷിക്കുക, പച്ചക്കറിയുടെ ആഭ്യന്തരോല്പ്പാദനം വർദ്ധിപ്പിക്കുക എന്നിവയാണ് പദ്ധതി ലക്ഷ്യങ്ങൾ. |
| (സി) ഏതെല്ലാം ഏജൻസികളും വകുപ്പുകളുമാണ് ആയതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) കൃഷി വകുപ്പ്, കാർഷിക സർവ്വകലാ ശാല, ഹോർട്ടികൾച്ചറൽ കോർപ്പറേഷൻ എന്നിവയുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (ഡി) പദ്ധതി സംബന്ധിച്ച ചർച്ചകൾ നടന്നു വരുന്നു. പദ്ധതിയുടെ അന്തിമ രൂപരേഖ തയ്യാറായിട്ടില്ല. |

സെക്ഷൻ ഓഫീസർ